# സമഗ്ര ഗുണമേന്മാ വിദ്യാഭ്യാസം

# അക്കാദമിക് മാസ്റ്റർ പ്ലാൻ

# 2025-2026

## വിവേകാനന്ദാ ഗേൾസ് ഹൈസ്ക്കൂൾ

## കടമ്പനാട്

ഉപജില്ല : ശാസ്താംകോട്ട

വിദ്യാഭ്യാസ ജില്ല : കൊട്ടാരക്കര

**2.ആമുഖം**

സമഗ്ര ഗുണമേന്മാ വിദ്യാഭ്യാസം ലക്ഷ്യമാക്കുന്നതുപോലെ സ്കൂളിനെ മികവിന്റെ കേന്ദ്രമാക്കുവാൻ വിവിധ പ്രവർത്തനങ്ങൾ ആസുത്രണം ചെയ്തു കഴിഞ്ഞു. അക്കാദമിക തലത്തിലുള്ള മികവ് വർദ്ധിപ്പിക്കുകയും കലാ-കായിക വിഷയങ്ങളിൽ കുട്ടികൾക്ക് മികവ് കാട്ടുന്നതിനുള്ള അവസരങ്ങൾ ഒരുക്കുകയും ചെയ്യുന്നു. കുട്ടികളിലുള്ള സർഗ്ഗപരമായ കഴിവുകൾ കണ്ടെത്തി പ്രോത്സാഹിപ്പിച്ച് മികച്ച പ്രതിഭകളായി വളർത്തിയെടുക്കാൻ ഉതകുന്ന തരത്തിലുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നു. ലഹരിക്കെതിരെ ബോധവൽക്കരണ ക്ലാസ്, പോസ്റ്റർ നിർമ്മാണം റോൾ പ്ലേ ഇവ സംഘടിപ്പിക്കുന്നു. ശുചിത്വ വിദ്യാലയം, ഹരിതവിദ്യാലയം പദ്ധതി നടപ്പിലാക്കുന്നു. കുട്ടികൾക്ക് റോഡ് സുരക്ഷയെക്കുറിച്ച് ബോധവൽക്കരണ ക്ലാസ് നടത്തുന്നു.

സാമൂഹിക സാംസ്കാരിക മണ്ഡലത്തിൽ വ്യക്തിമുദ്ര പതിപ്പിച്ച കളീലുവിള പുത്തൻവീട്ടിൽ യശ:ശ്ശരീരനായ ശ്രീ.കെ.ആർ.കൃഷ്ണപിള്ള 1930 കാലഘട്ടത്തിൽ മിഡിൽ സ്കൂളായി സ്ഥാപിച്ച കടമ്പനാട് ഹൈസ്കൂൾ ഈ നാടിന്റെ സമഗ്ര വികസനത്തിന് നൽകിയ സംഭാവന നിസ്തുലമാണ്. 1975 ൽ ഗേൾസ് ഹൈസ്കൂൾ, ബോയ്സ് ഹൈസ്കൂൾ എന്നിങ്ങനെ രണ്ടായി തിരിക്കുകയും, എച്ച്.എസ്. ഫോർ ഗേൾസ് കടമ്പനാട് എന്ന പേരിൽ ഈ സ്കൂൾ അറിയപ്പെടുകയും ചെയ്തു. 2009 ൽ സ്കൂളിന്റെ പേര് വിവേകാനന്ദ എച്ച്. എസ്. ഫോർ ഗേൾസ് എന്നു മാറ്റി അഞ്ചുമുതൽ പത്തുവരെ ക്ലാസുകളിലായി 742 വിദ്യാർത്ഥിനികളാണ് ഇവിടെ പഠിക്കുന്നത്. 39 അധ്യാപകരും 4 അനധ്യാപകരും ഈ സ്കൂളിൽ ജോലി ചെയ്യുന്നു, കലാകായിക അക്കാദമിക തലത്തിലുള്ള മികവാണ് ഈ സ്കൂളിന്റെ പ്രത്യേകത. സാമൂഹിക, സാംസ്കാരിക, ഔദ്യോഗിക മണ്ഡലങ്ങളിൽ തിളങ്ങി നിൽക്കുന്ന നിരവധി വ്യക്തികളെ സംഭാവന ചെയ്യാൻ ഈ സ്കൂളിന് കഴിഞ്ഞിട്ടുണ്ട്. കേന്ദ്ര സാഹിത്യ അക്കാദമി അവാർഡ് ഉൾപ്പെടെ നിരവധി പുരസ്കാരങ്ങൾ നേടിയ ശ്രീമതി. കെ.ആർ മീര ഈ സ്കൂളിലെ പൂർവ്വ വിദ്യാർത്ഥിനിയാണ്. ലളിതഗാനത്തിന് കുമാരി സൻജുക്ത ജയകുമാറിന് സംസ്ഥാനതലത്തിൽ A ഗ്രേഡ് ലഭിച്ചു.

**3. അവസ്ഥാ വിശകലനവും മുൻഗണനകളും.**

എല്ലാ ക്ലാസുകളിലും കുട്ടികൾ അവരുടെ നിലവാരത്തിലുള്ള ശേഷികൾ നേടുന്നു.അതോടൊപ്പം ചില കുട്ടികൾക്ക് പഠന പിന്തുണ ആവശ്യമായിരുന്നു. അവർക്ക് ആവശ്യമായ അക്കാദമിക പ്രവർത്തനങ്ങൾ മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്തുന്നു. പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങൾക്ക് പ്രാധാന്യം നൽകുന്നു. എല്ലാ അധ്യാപകരും അധ്യാപകശാക്തീകരണത്തിൽ പങ്കെടുക്കുകയും അവരുടെ അഭിപ്രായങ്ങൾ രേഖപ്പെടുത്തുകയും ചെയ്യുന്നു. ഭാഷാഗണിത ശാസ്ത്ര സാമൂഹ്യശാസ്ത്ര വിഷയങ്ങളിൽ പിന്നോക്കം നില്ക്കുന്ന കുട്ടികളെ കണ്ടെത്തുകയും അവർക്ക് ആവശ്യമായ പഠന പിന്തുണ പ്രവർത്തനം രൂപപ്പെടുത്തുകയും ചെയ്യുന്നു. ICT സാധ്യത എല്ലാ ക്ലാസിലും ഫല പ്രദമായി വിനിയോഗിക്കുന്നതിന് അധ്യാപകർക്ക് നിർദ്ദേശം നൽകുന്നു. ലാബ്, ലൈബ്രറി ഇവയുടെ ഫലപ്രദമായ ഉപയോഗം സജീവമായ പി.ടി.എയുടെ പ്രവർത്തനം, പങ്കാളിത്തം ഇവ ഉറപ്പുവരുത്തുന്നു.

**4. ലക്ഷ്യങ്ങൾ**

അക്കാദമിക പ്രവർത്തനങ്ങളുടെ കാര്യക്ഷമത വർദ്ധിപ്പിച്ച് ഗുണ മേന്മ ഉറപ്പാക്കുക.

*5 മുതൽ 10 വരെയുള്ള ക്ലാസിലെ കുട്ടികൾ അവർ ഓരോ ക്ലാസിലും നേടേണ്ട ധാരണകളും ശേഷികളും നേടിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തുക.

ഓരോ ക്ലാസിലും കുട്ടികളുടെ അറിവും കഴിവും ധാരണകളും എത്രമാത്രം വികസിക്കണം എന്ന് പാഠ്യപദ്ധതിയിൽ തിട്ടപ്പെടുത്തിയിട്ടുണ്ട്. അവ സമയബന്ധിതമായ പ്രവർത്തനങ്ങളിലൂടെ നേടി എന്ന് ഉറപ്പാക്കുക.

* മാതൃഭാഷയ്ക്കൊപ്പം മറ്റുഭാഷകളിൽ (ഇംഗ്ലീഷ്, ഹിന്ദി) ഉയർന്നശേഷി കൈവരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുക.
* ലിംഗ പദവിയും അവസര തുല്യതയും സംബന്ധിച്ച കാഴ്ചപ്പാട് വികസിപ്പിക്കാനുതകുന്ന പ്രവർത്തനങ്ങൾ നടപ്പാക്കുക.
* സ്കൂൾ പാർലമെന്റ് ശക്തിപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ ആവിഷ്ക്കരിക്കുന്നു.
* ദിനാചരണങ്ങൾ സമുചിതമായി ആഘോഷിക്കുക.
* പാരിസ്ഥിതികാവബോധം, സാമൂഹികാവബോധം, മാലിന്യ നിർമ്മാർജ്ജന അവബോധം, ശാസ്ത്രാവബോധം, വിമർശനാവബോധം എന്നിവ വികസിപ്പിക്കാൻ ആവശ്യമായ അനുഭവങ്ങൾ സ്കൂൾ തലത്തിൽ നടപ്പാക്കുക.
* പ്രത്യേക പരിഗണനയർഹിക്കുന്ന വിദ്യാർത്ഥികൾക്ക് ഉൾപ്പെടെ ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യാ സാധ്യതകൾ പഠനപ്രവർത്തനത്തിനായി വിനിയോഗിക്കുക.
* സമഗ്ര പഠന പുരോഗതി രേഖ തയ്യാറാക്കി ഓരോ കുട്ടിയും മികവിന്റെ ഉടമകളാണെന്ന് രക്ഷാകർത്താക്കളെയും പൊതുസമൂഹത്തേയും ബോധ്യപ്പെടുത്തുക.
* മൂല്യനിർണ്ണയം എന്നത് കേവലം എഴുത്തുപരീക്ഷ എന്നതിനപ്പുറത്തേക്ക് വികസിക്കേണ്ടതുണ്ട്. യു.പി. ക്ലാസുകളിൽ കുട്ടികളുടെ വായന, ആലാപനം, എഴുത്ത്, സർഗ്ഗ രചന എന്നിങ്ങനെ വ്യത്യസ്ത കഴിവുകൾ കൂടി വിലയിരുത്തണം. ഹൈസ്കൂൾ തലത്തിൽ വിഷയാടിസ്ഥാനത്തിൽ അനുയോജ്യ മായ പ്രവർത്തനങ്ങൾ നൽകാം.

വിദ്യാലയ ക്യാമ്പസ് ലഹരി വിമുക്തമാക്കുക.

വിദ്യാലയത്തിൽ ഗ്രീൻ പ്രോട്ടോക്കോൾ നടപ്പിലാക്കുക.

ശുചിത്വ വിദ്യാലയം, ഹരിത വിദ്യാലയം പദ്ധതി നടപ്പിലാക്കുക.

# പ്രവർത്തന പദ്ധതി

## അക്കാദമിക പ്രവർത്തനങ്ങൾ

## (വിഷയാടിസ്ഥാനത്തിൽ)

# അക്കാദമിക് മാസ്റ്റർ പ്ലാൻ- മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൗതികം | ചുമതല |
|---|---|---|---|---|
| ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | പ്രീ ടെസ്റ്റ് അക്ഷരം ഉറപ്പിക്കൽഅക്ഷരകാർഡ് നൽകൽ വാക്കുകൾ എഴുതിയ കാർഡ് വാക്കുകൾ നിർമ്മിക്കുക വാകൃങ്ങൾ നിർമ്മിക്കൽ ചിത്രം- അടിക്കു റിപ്പ് ചിത്രം-കഥ എഴുതൽ ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് ക്ലാസ് | 2 മാസം (ആഗസ്റ്റ്, സെപ്തംബർ) | പുസ്തകങ്ങൾ ചിത്രങ്ങൾ | മലയാളം അധ്യാപകർ |
| 2 ) കുട്ടിയെ മികച്ച വായനക്കാരനാക്കുക | വായനക്കൂട്ടം രൂപീകരിക്കൽ പത്രവായന, പുസ്തക വായന, ചർച്ച വായനാനുഭവം, വായനാക്കുറിപ്പ് പതിപ്പ്, വിദ്യാരംഗം കലാ സാഹിത്യവേദി പ്രവർത്തനം ദിനാചരണം, സാഹിത്യകാരന്മാരുമായുള്ള അഭിമുഖം, ആസ്വാദകരമായ വായന ഇ-വായന എഴുത്തുകൂട്ടം രൂപീകരണം | 8 മാസം | ക്ലാസ് ലൈബ്രറി സ്കൂൾ ലൈബ്രറി, പത്രങ്ങൾ, ആനുകാലിക പ്രസിദ്ധീകരണങ്ങൾ | അധ്യാപകർ |
| 3)കുട്ടിയെ മികച്ച എഴുത്തുകാരനാക്കുക. | പുസ്തക ചർച്ച വായനക്കുറിപ്പ്,ചർച്ച വിവിധ സാഹിത്യ ശാഖകൾ പരിചയപ്പെടൽ ചുമർ പത്രിക, പതിപ്പ് രചന, സംഘരചന ഭാഷ പ്രോജക്ട്, സാഹിത്യകാരന്മാരുമായുള്ള അഭിമുഖം സംവാദം സാഹിത്യ-സംസ്കാരിക ചിത്ര ഗ്യാലറി | 6 മാസം | ലൈബ്രറി പുസ്തകങ്ങൾ ഫോട്ടോകൾ | അധ്യാപകർ |
| 4. സദസ്സിനെ അഭിമുഖീകരിക്കാൻ പ്രാപ്തരാക്കുക. | പ്രസംഗ പരിശീലന കളരി വിവിധ- വിഷയങ്ങൾ നൽകി പ്രസംഗം തയ്യാറാക്കാം. മികച്ച പ്രസംഗങ്ങളുടെ ഓഡിയോ, വീഡിയോ എന്നിവ കേൾപ്പിക്കുന്നു. പ്രസംഗം അവതരിപ്പിക്കുന്നതിനുള്ള വേദികൾ സജ്ജമാക്കുക. | | ഓഡിയോ വീഡിയോ | ട്രെയിനർ അധ്യാപകർ |

# അക്കാദമിക് മാസ്റ്റർ പ്ലാൻ- സംസ്കൃതം

| നം. | ലക്ഷ്യംപ്ര | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
|---|---|---|---|---|
| 1. | പ്രകൃതി | പ്രകൃതിവരയ്ക്കൽ | 5/6/25 | സംസ്കൃത സമിതി |
| 2. | വാചനം | ക്ലാസ് തല വായനാ മത്സരം, സ്കൂൾതല വായനാമത്സരം | 20/6/25 to 25/6/25 | സംസ്കൃത സമിതി |
| 3. | സംസ്കൃതദിനാചരണം | വിവിധ മത്സരങ്ങൾ സംഘടിപ്പിക്കൽ പ്രദർശിനി | 7/8/25 30/8/25 | സംസ്കൃത സമിതി |
| 4. | സംഭാഷണ കളരി | സംസ്കൃത സംഭാഷണ പരിശീലനം | 1 വർഷം | സംസ്കൃത സമിതി |
| 5. | ക്രീഡാ സംസ്കൃതം | സംസ്കൃത പഠനത്തിന് സഹായക കളികൾ | 1 വർഷം | സംസ്കൃത സമിതി |

# അക്കാദമിക് മാസ്റ്റർ പ്ലാൻ- ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| ശരിയായി ഇംഗ്ലീഷ് ശ്രവിക്കാനും അനായാസം സംസാരിക്കാനും, നൈപുണ്യങ്ങൾ വികസിപ്പിക്കാനും അവസരം ഒരുക്കുന്നു. | 1. Lend Your ear<br>ഇംഗ്ലീഷ് റെക്കോർഡ് ചെയ്ത് കേൾപ്പിക്കുന്നു<br>2. Follow me if you can !<br>ഇംഗ്ലീഷിൽ നിർദ്ദേശങ്ങൾ നൽകുന്നു. അവ പ്രാവർത്തികമാക്കുന്നു.<br>3. Breaking News<br>ഇംഗ്ലീഷ് റേഡിയോ വാർത്തകൾ റെക്കോർഡ് ചെയ്ത് കേൾപ്പിക്കുന്നു.<br>4. Missing Man<br>ഒരു ഇംഗ്ലീഷ് സംഭാഷണം കുട്ടികളെ കേൾപ്പിക്കുന്നു.<br>തുടർന്ന് അവ പലതും മുറിച്ചു മാറ്റുന്നു. പൂരിപ്പിക്കാൻ കുട്ടികളോടാവശ്യപ്പെടുന്നു.<br>5. Treasure Hunt ഒളിപ്പിച്ചു വച്ച വസ്തുക്കൾ കണ്ടുപിടിക്കാൻ കുട്ടികൾക്ക് ഇംഗ്ലീഷിൽ നിർദേശങ്ങൾ നൽകുന്നു.<br>6. Meet the Foreigner ഒരു തനതു ഭാഷ സംസാരിക്കുന്ന വിദേശിയുമായി കുട്ടികൾക്ക് ആശയവിനിമയത്തിന് അവസരം നൽകുന്നു.<br>7. One Man show ആശയം നൽകി ഇംഗ്ലീഷിൽ ഏകാഭിനയത്തിന് അവസരം നൽകുന്നു.<br>8. I Too Can ! വായനാകാർഡുകൾ ക്രമീകരിച്ച് വായിക്കാൻ അവസരം നൽകുന്നു.<br>9. Memory Test വസ്തുക്കൾ കാണിക്കുന്നു. അവയുടെ പേരുകൾ ഓർമ്മയിൽ നിന്നെഴുതണം.<br>10. Reader of the month<br>ഇംഗ്ലീഷ് ദിനപ്പത്രങ്ങൾ വായിക്കാൻ അവസരം നൽകുന്നു.<br>മികച്ച വായനക്കാരിയെ തിരഞ്ഞെടുക്കുന്നു<br>11. English magazine കുട്ടികളുടെ കലാസൃഷ്ടികൾ ഉൾപ്പെടുത്തി മാഗ | | ഇംഗ്ലീഷ് അധ്യാപകർ |

സിൻ നിർമ്മാണം.

12. Poster, Placard, signboards, notice, Thank you card's മുതലായവ ഇംഗ്ലീഷിൽ നിർമ്മിക്കുക.

13. ഇംഗ്ലീഷിൽ Greeting Card's നിർമ്മാണം.

14. Fun time Funda കടങ്കഥകൾ, കുസൃതിചോദ്യങ്ങൾ, ഫലിതങ്ങൾ എന്നിവ തയ്യാറാക്കി ക്ലാസ്സിൽ അവതരിപ്പിക്കുക.

15. English Tongue Twisters ഇവ കുട്ടികളെക്കൊണ്ട് പറയിപ്പിക്കുക.

16. The Grand camp ഇംഗ്ലീഷ് പ്രാവീണ്യമുള്ള രക്ഷകർത്താക്കളെക്കൂടി ഉൾപ്പെടുത്തി ക്യാമ്പ് English നടത്തുക.

17. School English Art Festival

18. English wattsapp Group formation

19. Forming, reciting and tuning English poems and prayers.

20. English cartoon creations.

21. I am the Teacher Once in a year, one in a year, one student should act as an English teaching person,

22. Am I doing DEd ?

Bring the students to a KG class and make them teach English.

23.English library participations.

24. Hello English A journey back to our Hello English classes.

25. Viewing English films using ICT

26.Forming English parady songs.

27. Everything in English. Communicate in English Communicate in English language only.

28. Advertisements in English (Group Work)

29. Making traslations from malayalam to English.

30. Viewing Animal planet, cartoons etc in English.

31. Helping Friends.A help from high achievers to low achievers for learning English.

Thank You

## അക്കാദമിക് മാസ്റ്റർ പ്ലാൻ- ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| I. To develop listening and speaking skill. | English Theatre<br>Provide opportunities for students for listening stories and rhymes.<br>Provide them chance for self expression.<br>observe English day in school under the guidance of English club.<br>Conduct English assembly | June<br>July<br>August<br>Once is a week | Teacher<br>Parents<br>and students | 1500 |
| II, To enable all the students to read, write. | Picture reading<br>and reading competition.<br>Activities<br>Composition.<br>News Paper reading | June<br>November | English<br>Teacher<br>parents<br>and students. | 5000 |
| III. To make the pupils to write | News reading,<br>give chance to hearmsimple discription, documentary films etc by ICT | September to January | English<br>Teacher<br>Parents. | |

# അക്കാദമിക് മാസ്റ്റർ പ്ലാൻ- ഹിന്ദി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| **5,6,7ക്ലാസ്സ് അക്ഷരബോധം ഉറപ്പിയ്ക്കൽ**<br>ഹിന്ദി അഞ്ചാം തരം മുതൽ ആരംഭിക്കുന്നതിനാൽ ഹിന്ദി ഇഷ്ടപ്പെടാനും അക്ഷരങ്ങളെ പരിചയപ്പെടാനും അവസരം ഒരുക്കുക പഠിപ്പിച്ചെടുക്കുക | പുതിയ പദങ്ങൾ, പദ്യങ്ങൾ ചൊല്ലി അതിൽ വരുന്ന ഹിന്ദി അക്ഷരങ്ങളെ മനസ്സിലാക്കി കൊടുത്ത് പഠിപ്പിക്കും. ചിത്രങ്ങൾ, അക്ഷരമാല,ചാർട്ട്, C.D. യിൽ അക്ഷര രചന കാണിക്കൽ എന്നിവ | ജൂൺ മുതൽ ആഗസ്റ്റ് വരെ | ഹിന്ദി അധ്യാപകൻ | അധ്യാപകൻ |
| **2) ഹിന്ദി വായന**<br>തെറ്റു കൂടാതെ ഹിന്ദി വായിക്കാനുള്ള പരിശ്രമം ചെയ്യും. | നിരന്തരം പുസ്തകം വായിച്ച് കേൾപ്പിച്ച് വായനയിലേക്ക് ആകർഷിപ്പിക്കും. മറ്റ് ഹിന്ദി ചിത്രകഥകൾ അതിന്റെ താഴെ ഇഉ (താഴെ ഹിന്ദിയിൽ വാക്യമുള്ളവ കാണിക്കും. | ജൂൺ മുതൽ ഫെബ്രുവരി വരെ | | അധ്യാപകൻ |
| **3) ഹിന്ദി സംസാരം**<br>ഹിന്ദിയിൽ സംസാരിക്കാനുള്ളകഴിവ് ഉണ്ടാക്കി എടു ക്കും | കുട്ടികളുടെ ചെറിയ ചെറിയ ആവശ്യങ്ങൾ ഹിന്ദിയിൽ തന്നെ ചോദിക്കും | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപകർ | അധ്യാപകർ |
| നിത്യ ജീവിതത്തിൽ ആവശ്യം വരുന്നത് ഹിന്ദിയിൽ സംസാരിക്കാനുള്ള ഭാഷ പരിചയപ്പെടുത്തും | ഹിന്ദി സംസാരിക്കുന്നവരെ ക്ലാസ്സിൽ കൊണ്ടുവരും<br>വായനയ്ക്ക്<br>ഹിന്ദി തെറ്റിച്ച് അധ്യാപകൻ വായിക്കും, കുട്ടികൾ ശ്രദ്ധയോടെ അത് ശരിയാക്കി വായിക്കും<br>**മത്സരവായന** -തെറ്റാതെ ആവർത്തിക്കാതെ കൂടുതൽ വരി വായിക്കുന്ന കുട്ടിയ്ക്ക് സമ്മാനം നൽകണം. | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപകർ | അധ്യാപകർ |

| | | | | |
|---|---|---|---|---|
| ഹിന്ദിപിന്നോക്കം നിൽക്കുന്ന കുട്ടി കളെ കണ്ടെത്തി കൂടുതൽ<br>പരിശീലിപ്പിക്കുക. | ഹിന്ദി അക്ഷരങ്ങൾ മനസ്സിലാക്കി കൊടുക്കുക, ചിത്രങ്ങൾ, അക്ഷരമാല എന്നിവ കാണിച്ച് വായനയിലേക്ക് കൂടുതൽ ആകർഷിപ്പിക്കുക. | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപകൻ | അധ്യാപകൻ |
| സ്കൂളിൽ എത്തിച്ചേരുന്ന എല്ലാകുട്ടികൾക്കും ഹിന്ദി ഭാഷ ഫലപ്രദമായി എഴുതുവാനും, വായിക്കുവാനും, സംസാരിക്കുവാനും ഉള്ള കഴിവ് വളർത്തിയെടുക്കുക അക്ഷരം, ചിഹ്നം തുടങ്ങിയവ തിരിച്ചറിയാൻ പരിശീലിപ്പിക്കുന്നു. | അക്ഷരങ്ങൾ ഉറക്കെ വായിപ്പിക്കുന്നു. audio, visual സഹായത്തോടെ ഉച്ചാരണം കൂടുതലായി പരിചയപ്പെടുത്തുന്നു.<br>കേട്ടെഴുത്ത്, പദസൂര്യൻ എന്നിവ നൽകുന്നു.<br>ചിത്രകഥകൾ, കാർട്ടൂൺ, ചെറുകവിതകൾ തുടങ്ങിയവ വായനയ്ക്ക് നൽകുന്നു. | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപകൻ | അധ്യാപകൻ |
| ഹിന്ദി വായിക്കുവാനും എഴുതുവാനും പിന്നോക്കം നിൽക്കുന്ന കുട്ടി കളെ കണ്ടെത്തി കൂടുതൽ<br>പരിശീലനം നൽകുന്നു. | വർക്ക് ഷീറ്റുകൾ നൽകുന്നു. ചിത്രങ്ങളടങ്ങിയ പുസ്തകം വായിക്കുവാൻ നൽകുന്നു. | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപകൻ | അധ്യാപകൻ |
| ഹിന്ദിയിൽ ആശയവിനിമയത്തിനുള്ള ശേഷി വികസിപ്പിക്കുക. | ആത്മവിശ്വാസത്തോടെ ഹിന്ദിയിൽ ആശയ വിനിമയം ഒരുക്കുക<br>ഹിന്ദി സംസാരിക്കാൻ ഹിന്ദിയിലുള്ള ആവിഷ്കാരങ്ങൾക്ക് അവസരം ഒരുക്കുക. | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപകർ | അധ്യാപകർ |
| സ്വതന്ത്ര വായനയ്ക്ക് കുട്ടികളെ സജ്ജരാക്കുക.<br>ഹിന്ദി സാഹിത്യം ആസ്വദിക്കുന്നതിന് അവസരം ഒരുക്കുക.<br>ഹിന്ദി പഠനത്തിനുള്ള പുതുതന്ത്രങ്ങളും സങ്കേതങ്ങളും വികസിപ്പിക്കുക.<br>സാങ്കേതിക വിദ്യാ സാധ്യതകൾ ഹിന്ദി ഭാഷാ വികാസത്തിന് പ്രയോജനപ്പെടുത്തുകയും മുഴുവൻ കുട്ടികളേയും ഹിന്ദി കംപ്യൂട്ടിങ്ങ് പരിശീലിപ്പിക്കുകയും ചെയ്യുക. | (ദൈനംദിന ക്ലാസ്സ് റൂം സംഭാഷണങ്ങൾ, ഗ്രൂപ്പ് ചർച്ചകൾ)<br>ഹിന്ദി തിയേറ്റർ, Roleplay, skit തുടങ്ങിയവ സംഘടിപ്പിക്കുക.<br>ഹിന്ദി സംവാദങ്ങൾക്കും പ്രസംഗത്തിനും അവസരം നൽകുക.<br>ഹിന്ദി പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുക. | | | |

| | | | | |
|---|---|---|---|---|
| ഹിന്ദി വായനയും എഴുത്തും പ്രോത്സാഹിപ്പിക്കുക. | ഹിന്ദി പുസ്തകങ്ങൾ, മാസികകൾ, പത്രങ്ങൾ, എന്നിവ വായിക്കാൻ പ്രോത്സാഹിപ്പിക്കുക.<br>ഹിന്ദിയിൽ സർഗ്ഗാത്മക രചനകൾ (കഥ, കവിത, ലേഖനം) നടത്താൻ പ്രോത്സാഹിപ്പിക്കുക. | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപകർ | അധ്യാപകർ |
| ഹിന്ദി സാഹിത്യ ആസ്വാദനം വളർത്തുക,<br><br>സാങ്കേതിക വിദ്യയുടെ ഉപയോഗം | ഹിന്ദി പത്രം, മാഗസിനുകൾ എന്നിവ കുട്ടികളെ കൊണ്ട് തയ്യാറാക്കാനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക.<br>ചിത്ര വായനയ്ക്കുള്ള അവസരങ്ങൾ നൽകുക.<br>ഹിന്ദി സിനിമകൾ കാണാനുള്ള അവസരം ഒരുക്കുക.<br>ഹിന്ദി Fest,Hindi din തുടങ്ങിയ പരിപാടികൾ സംഘടിപ്പിക്കുക.<br>വിദഗ്ധരെ പങ്കെടുപ്പിച്ചുള്ള ഹിന്ദി സാഹിത്യ ശില്പ ശാലകൾ നടത്തുക.<br>ഹിന്ദി ഭാഷാ വികസനത്തിനായി സാങ്കേതിക വിദ്യാ സാധ്യതകൾ പ്രയോജനപ്പെടുത്തുക.<br>ബാഗ് തയ്യാറാക്കാനും പരിപാലിക്കാനും കുട്ടികളെ പ്രാപ്തരാക്കുക. | August മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപകർ | അധ്യാപകർ |

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | ചുമതല | |
|---|---|---|---|---|
| 2. | കാലിക സാമൂഹിക പ്രശ്നങ്ങളെക്കുറിച്ചുള്ള ധാരണ കുട്ടികളിൽ ഉണ്ടാക്കിയെടുക്കുന്നു. | എല്ലാ ക്ലാസുകളിലും എല്ലാ ദിവസവും പ്രധാന പത്രവാർത്തകൾ വായിക്കുകയും തുടർ ചർച്ചകൾ നടത്തുകയും ചെയ്യുന്നു. | Social science Teacher<br>Club<br>Parents. | |

## അക്കാദമിക് മാസ്റ്റർ പ്ലാൻ- സോഷ്യൽ സയൻസ്

| | ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1. | പഠിതാക്കളെ ചരിത്രാവബോധം ഉള്ളവരാക്കുക. | **കാടും മേടും** ചരിത്രപ്രാധാന്യമുള്ള സ്ഥലങ്ങളിലേക്ക് പഠനയാത്ര സംഘടിപ്പിക്കുക. സാമൂഹ്യശാസ്ത്രത്തിൽ അടിസ്ഥാനപരമായ അറിവുകൾ ഇല്ലാത്ത പഠിതാക്കളെ കേന്ദ്രീകരിച്ച് പ്രത്യേക മെഡിയൂൾ തയ്യാറാക്കി, ICT സഹായത്തോടെ പ്രവർത്തനങ്ങൾ നടത്തുക. | അക്കാദമിക വർഷം നിശ്ചയിച്ച തീയതികളിൽ<br>പ്രത്യേകം തിരഞ്ഞെടുത്ത ദിനങ്ങളിൽ | S S അധ്യാപകൻ<br>S S അധ്യാപകർ | |
| 2. | ജനാധിപത്യം ഒരു ജീവിത ശൈലിയാക്കി മാറ്റിയെടുക്കുക, പൗരബോധം, മൂല്യബോധം, ഇവ വളർത്തുക.. | സ്ക്കൂൾ പാർലമെന്റ്, സാമൂഹ്യ സേവനം ഇവയ്ക്കായുള്ള പ്രവർത്തനങ്ങൾ നടത്തുന്നു. | തിരഞ്ഞെടുത്ത ദിനങ്ങളിൽ | S S teachers | |
| 3. | മതേതരത്വം സഹിഷ്ണുത എന്നിവ വളർത്തി ക്രിയാത്മക പ്രവർത്തനങ്ങളിലൂടെ വളരുക. | ചർച്ചകൾ, സംവാദങ്ങൾ അഭിമുഖങ്ങൾ.........എന്നിവയിലൂടെ കുട്ടികളെ വളർത്തുന്ന പ്രവർത്തനങ്ങൾ നടത്തുന്നു. | വർഷം മുഴുവൻ | S S teachers | |
| 4. | കുട്ടികളിൽ ഉന്നതനിലവാരം കൈവരിക്കാൻ ഉതകുന്ന പൊതുവിജ്ഞാനം വളർത്തുക. | സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട പൊതുവിജ്ഞാനം പരിപോഷിപ്പിക്കുന്ന ക്വിസുകൾ, ദിനാചരണങ്ങൾ, പ്രശ്നോത്തരി, സംവാദം എന്നിവയെകുറിച്ച് വ്യക്തമായ ധാരണ നൽകുക .വീഡിയോ പ്രദർശനം, ചരിത്രസിനിമ പ്രദർശനം | അക്കാദമിക വർഷം മുഴുവൻ | S S teachers club. | |
| 5. | ഭൂപട വായന കുട്ടികളിൽ വളർ ത്തുക,സ്ഥല നിർ ണ്ണയം നടത്താൻ പഠിക്കുക. | ഭൂപട വായന പ്രോത്സാഹിപ്പിക്കുന്ന കൂടുതൽ പ്രവർത്തനങ്ങൾ കാഴ്ചവയ്ക്കുന്ന,അറ്റ്ലസ് മാപ്പുകൾ, ഗ്ലോബ് എന്നിവ പരിചിതമാക്കുന്നു. | വർഷം മുഴുവൻ | S S teachers | |
| 6. | വ്യത്യസ്തയിനം മണ്ണിനെകുറിച്ചും ജലാശയങ്ങളെകുറിച്ചും, കാറ്റുകൾ, സമുദ്രങ്ങൾ,പർവ്വതങ്ങൾ ഇവയെല്ലാംപരിചയപ്പെടുകഎന്ന ലക്ഷ്യം. | വിവിധ മേഖലകളെക്കുറിച്ച് കുട്ടികളിൽ അവബോധം സൃഷ്ടിക്കുന്ന തരത്തിലുള്ള അറിവുകൾ ICT സഹായത്തോടെ കുട്ടികളിൽ എത്തിക്കുന്നു. | വർഷം മുഴുവൻ | S S teachers | |

# അക്കാദമിക് മാസ്റ്റർ പ്ലാൻ- Basic Science

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1. | ശാസ്ത്രത്തിന്റെ നൂതന അറിവുകളെ അപ്ഡേറ്റ് ചെയ്യലും ശാസ്ത്രീയ മനോഭാവമുള്ളവരാക്കലും. | Science Club രൂപീകരണവുംവാർഷിക പ്രവർത്തന പദ്ധതി തയ്യാറാക്കലും | ജൂൺ ജൂലൈ | ശാസ്ത്രാധ്യാപകർ | SRG |
| 2 | അന്യമായിക്കൊണ്ടിരിക്കുന്ന കാർഷിക സംസ്കൃതിയെ വീണ്ടെടുക്കൽ, പ്രകൃതിയെ അടുത്തറിയാനുള്ള അവസരം ഒരുക്കൽ | സ്കൂൾ കാമ്പസിൽ പച്ചക്കറിത്തോട്ടം, ഔഷധത്തോട്ടം. ഇവയുടെ നിർമ്മാണം. | | | |
| 3. | മാലിന്യ മുക്ത - ആരോഗ്യ - ശുചിത്വ വിദ്യാലയത്തിലൂടെ ആരോഗ്യമുള്ള സമൂഹം. | പരിസരശുചീകരണം, ശുചിത്വബോധവൽക്കരണം<br>ജീവിതശൈലി രോഗങ്ങളുമായി ബന്ധപ്പെട്ട് കുട്ടികൾക്ക് ക്ലാസ്സ് നടത്തുന്നു. | | SRG<br>സയൻസ് അധ്യാപകർ | |
| 4. | പ്രയാസമേറിയ ശാസ്ത്രപാഠഭാഗങ്ങൾ മനസ്സിലാക്കാനുതകുന്ന Wok sheet കൾ തയ്യാറാക്കൽ | ഭിന്നനിലവാരക്കാർക്കും ഭിന്നശേഷിക്കാർക്കും പ്രത്യേകം വർക്ക് ഷീറ്റുകൾ തയ്യാറാക്കി നൽകുന്നു.<br>സ്വയം ചെയ്യൽ, ഗ്രൂപ്പിൽ ചെയ്യൽ | ജൂലൈ | അധ്യാപകർ<br>SRG<br>Science Club | വിഷയസമിതി |
| 5. | ശാസ്ത്ര പ്രതിഭകളെ തിരിച്ചറിഞ്ഞ് രാഷ്ട്രത്തിന് മുതൽക്കൂട്ടാക്കി മാറ്റൽ | പ്രതിഭകൾക്ക് പ്രത്യേക പരിശീലനം (ഭിന്നശേഷിക്കാരിലെ പ്രതിഭകളെയും കണ്ടെത്തുന്നു.)<br>സ്കോളർഷിപ്പ് പരീക്ഷകൾക്ക് (USS) പരിശീലനം | രണ്ടാം ടേമിൽ | ശാസ്ത്രാധ്യാപകർ<br>SSC | SRG |
| 6. | കൗതുകം, ജിഞ്ജാസ നിരീക്ഷണപാടവം എന്നിവ പരിപോഷിപ്പിക്കൽ. | ലഘുപരീക്ഷണങ്ങൾ നടത്തുവാൻ കുട്ടികൾക്ക് അവസരം കൊടുക്കുന്നു. പാഠഭാഗവുമായി ബന്ധപ്പെട്ട് ലഘുപ്രോജക്ട്കൾ, സെമിനാറുകൾ എന്നിവ നടത്തി മെച്ചപ്പെട്ടത് സ്കൂളിൽ പൊതു വേദിയിൽ അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | Science club |

# അക്കാദമിക് മാസ്റ്റർ പ്ലാൻ 2025-26

| Sl. No. | ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1. | ശാസ്ത്രാഭിരുചി വളർത്തൽ, കൗതുകം, ജിജ്ഞാസ, നിരീക്ഷണപാടവം എന്നിവ പരിപോഷിപ്പിക്കുക. | ശാസ്ത്രതത്വങ്ങൾ ലളിതമായ പരീക്ഷണങ്ങളിലൂടെയുള്ള കുട്ടികളുടെ അവതരണം- പരീക്ഷണക്കളരി-മോഡൽ നിർമ്മാണം School mes science exhibition. | അക്കാദമിക വർഷം ആവശ്യമുള്ള സന്ദർഭങ്ങളിൽ | Science teacher | PTA |
| 2. | ശാസ്ത്രലോകത്തേക്ക് നിരന്തരമായി അന്വേഷണം നടത്തുകയും ലഭിച്ച വിവരങ്ങൾ വിശകലനം ചെയ്യാനുള്ള ശേഷി നേടുകയും ചെയ്യുന്നു. | ക്ലാസുകളിൽ സെമിനാർ പോസ്റ്ററുകൾ അവതരിപ്പിച്ച് മെച്ചപ്പെട്ടത് പൊതുവേദികളിൽ അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു. ക്ലാസുകളിൽ ശാസ്ത്ര ലൈബ്രറി, ഒരുക്കൽ, ശാസ്ത്രമാസിക പ്രസിദ്ധീകരിക്കൽ (കുട്ടികൾ തയ്യാറാക്കുന്ന ശാസ്ത്രസംബന്ധമായ അറിവുകൾ, ലേഖനങ്ങൾ, കവിതകൾ എന്നിവ ഉൾപ്പെടുത്തി) | അക്കാദമിക വർഷം 1 തവണ | Science teacher<br>Science club | PTA |
| 3. | ശാസ്ത്ര ലാബ് നവീകരണം. | ഫിസിക്സ്, കെമിസ്ട്രി, ബയോളജി വിഷയങ്ങളുമായി ബന്ധപ്പെട്ട ഉപകരണങ്ങളും മറ്റ് സാമഗ്രികളും പ്രത്യേകം പ്രത്യേകം സജ്ജീകരിക്കൽ. | ജനുവരി മുതൽ 1 മാസം | Science teacher | |
| 4. | പരിസ്ഥിതി സൗഹൃദമനോഭാവം വളർത്തുക. അന്വേഷണ തൃഷ്ണ വർദ്ധിപ്പിക്കൽ. | തണൽ വൃക്ഷങ്ങൾ നട്ടുപിടിപ്പിക്കൽ, ഉള്ള സൗകര്യത്തിൽ ഔഷധത്തോട്ടവും പച്ചക്കറിത്തോട്ടവും നിർമ്മിക്കൽ-സമ്പൂർണ്ണ പ്ലാസ്റ്റിക് നിരോധിത ക്യാമ്പസ് ക്ലാസുകളിൽ ലഘു പ്രോജക്ടുകൾ കൊടുത്ത് മെച്ചപ്പെട്ടത് School ൽ പൊതുവേദിയിൽ അവതരിപ്പിക്കുന്നു. | അക്കാദമിക വർഷം | Science teacher | PTA Manage-ment. |
| 5. | ശാസ്ത്ര മേളകളിൽ പൂർണ്ണ പങ്കാളിത്തം ഉറപ്പു വരുത്തൽ | School തല ശാസ്ത്രമേള സംഘടിപ്പിക്കൽ മേളകളിൽ പങ്കെടുക്കുന്ന കുട്ടികൾക്ക് പരമാവധി പ്രോത്സാഹനം നൽകൽ. | വർഷത്തിൽ 1 തവണ | Science teacher | PTA Manage-ment. |
| 6. | പഠന പിന്നോക്കാവസ്ഥയിലുള്ള കുട്ടികൾക്ക് പ്രത്യേക പരിശീലനം | അധ്യാപകൻ -കുട്ടി, കുട്ടി-കുട്ടി(Peer group)എന്നിങ്ങനെ രണ്ട് തലത്തിൽ പരിശീലനം. | ആഴ്ചയിൽ 2 ദിവസം | SRG Science teacher | PTA |

# അക്കാദമിക് മാസ്റ്റർ പ്ലാൻ- ഗണിതം

| Sl No, | ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|---|
| 1. | അടിസ്ഥാന ഗണിത ക്രിയകൾ എല്ലാ പഠിതാക്കൾക്കും ഉറപ്പ് വരുത്തുന്നു. | ഗണിത ശിൽപ്പശാല കളിരീതിയിലൂടെ അടിസ്ഥാന ക്രിയകൾ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു. | ജൂൺ മാസം | ഗണിത അധ്യാപകർ |
| 2. | ഗണിത പഠന പ്രവർത്തനങ്ങൾ സുഗമമാക്കൽ. | **<u>ഐ. റ്റി. സാധ്യതകളിലൂടെ</u>**<br>ജ്യാമിതീയ രൂപങ്ങൾ, ചതുഷ്ക്രിയകൾ, ടാൻഗ്രാം ഇതുപോലുള്ള പ്രവർത്തനങ്ങൾ ഐ.റ്റി. സാധ്യതകൾ ഉപയോഗപ്പെടുത്തികൊണ്ട് കുട്ടികളിലേക്ക് എത്തിക്കാൻ എളുപ്പത്തിൽ കഴിയുന്നു. | മാസത്തിൽ ഒരു പ്രാവശ്യം | ഗണിത അധ്യാപകർ |
| 3. | ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുൻനിരയിലെത്തിക്കുന്നു. | **<u>ഗണിത ക്ലിനിക്ക്</u>**<br>ഗണിതത്തിൽ പിന്നോക്കം നിൽക്കുന്നകുട്ടികളെ കണ്ടെത്തി ഗണിത അധ്യാപകരും മുൻനിരയിൽ നിൽക്കുന്നേ കുട്ടികളുംചേർന്ന് വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നു. പോരായ്മകൾ കണ്ടെത്തി ആവശ്യമായ പ്രവർത്തനങ്ങൾ നൽകുന്നു. | ആഴ്ചയിൽ ഒരു പിരീഡ് | ഗണിത അധ്യാപകരും സമർദ്ധരായ കുട്ടികളും |

# അക്കാദമിക് മാസ്റ്റർ പ്ലാൻ- ഗണിതം 2025-26

| Sl.No. | ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1. | ആശയധാരണ കൈവരികൾ | പ്രീടെസ്റ്റ് നടത്തി ലിസ്റ്റ് തയ്യാറാക്കൽ മാത്സ് ക്ലിനിക്ക് | ജൂൺ ആദ്യവാരം | അധ്യാപകർ മുന്നോക്കം നിൽക്കുന്ന കുട്ടികൾ | |
| 2. | നിർമ്മിതികളിലെ ശേഷി കൈവരിക്കൽ | ജ്യാമിതീയ പെട്ടിയുടെ ലഭ്യത ശില്പശാല | തുടർ പ്രവർത്തനം | അധ്യാപകർ | |
| 3. | ഗുണിതത്തെ നിത്യജീവിതവുമായി ബന്ധിപ്പിച്ച് ആശയങ്ങളുടെ പ്രാധാന്യം ബോധ്യപ്പെടുത്തുന്നു. | ഫീൽഡ്ട്രിപ്പ് സംഘടിപ്പിക്കുന്നു. | ഒരു ടേമിൽ ഒന്ന് | അധ്യാപകർ പി.ടി.എ | |
| 4. | ഗണിത ആശയങ്ങളിൽ നിന്നും ഉടലെടുക്കുന്ന ഗണിത രൂപങ്ങൾ അളവുകൾ ഇവ പരിചയപ്പെടുത്തൽ. | ശില്പശാല നടത്തുന്ന ക്ലബ് പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷത്തിൽ ഒന്ന് | അധ്യാപകർ, ഗണിതക്ലബ്ബ് | |
| 5. | സംഘബോധം ഉണ്ടാക്കൽ | സംഘപഠനം | തുടർ പ്രവർത്തനം | അധ്യാപകർ | |
| 6. | അധ്യാപകർ കാലാനുസൃതമായി ചെയ്ത ചെറിയക്ലാസ് മുതലുള്ള തുടർപഠനം സാധ്യമാക്കി കുട്ടികളിൽ അടിസ്ഥാനം ഉറപ്പിക്കുന്നു. | വിഷയ സമിതിയുടെ മികച്ച പ്രവർത്തനം ഇടപെടൽ ചർച്ചകൾ പാഠാസൂത്രണം എന്നിവ കൂട്ടായ പ്രവർത്തനങ്ങളിലൂടെ ലക്ഷ്യം കൈവരിക്കുന്നു. | തുടർപ്രവർത്തനം | വിഷയ സമിതി കൺവീനർ മുതിർന്ന അധ്യാപകർ | |
| 7. | ഗണിത വിഷയത്തിന് കുട്ടികളുടെ മികച്ച സംഭാവനകൾ. | ഗണിത ഗ്രാമം കുട്ടികൾ, കൂടാതെ സമീപ പ്രദേശങ്ങളിലെ ഗണിത അധ്യാപകരും ചേർന്നുള്ള കൂട്ടായ്മ. | അവധി ദിവസങ്ങളിൽ | ഗണിത അധ്യാപകർ | ഗണിതക്ലാസ് |
| 8. | ഗണിത മത്സരവേദിയിലേക്ക് മേളകളിൽ ഊർജ്ജസ്വലത കൈവരിക്കൽ | ഗണിതക്ലബ്ബിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തൽ മത്സരങ്ങൾക്ക് പ്രാപ്തരാക്കൽ | മാസത്തിൽ ഒന്ന് | ക്ലാസ് സെക്രട്ടറി ഗണിത അധ്യാപകർ | പി.ടി.എ |

| | | | | | |
|---|---|---|---|---|---|
| 9.<br><br>10. | ഗണിത ലാബ്<br><br>രക്ഷിതാക്കളെ ബോധവൽക്കരിക്കൽ | ശില്പശാലകളിലൂടെ ലാബിലേക്ക് ആവശ്യമായ പഠന ഉപകരണങ്ങൾ ശേഖരിക്കൽ<br><br>മാസത്തിൽ ഒരു പി.ടി.എ നടത്തുന്ന ചുമതലകൾ നൽകുന്നു. | മെയ്-ജൂൺ | ക്ലാസ് സെക്രട്ടറി ഗണിത അധ്യാപകർ എല്ലാ അധ്യാപകരും | പി.ടി.എ<br><br>അധ്യാപകർ |

## മേഖല ICT

| Sl.No. | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1. | വിവിധ വിഷയങ്ങളുമായി ബന്ധപ്പെട്ട പഠന വിഭവങ്ങൾ തയ്യാറാക്കുന്നതിലൂടെ പഠനപ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുക. | സ്കൂൾ തലത്തിൽ ICT ശില്പ ശാലകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | ICT പരിശീലനം നേടിയ അധ്യാപകർ | |
| 2. | ഓരോ കാലഘട്ടത്തിലും സാങ്കേതിക വിദ്യകൾ നൂതനമാകുന്നതോടൊപ്പം ദുരുപയോഗം നടക്കുന്നു. ഇത്തരം ദുരുപയോഗം നടക്കുന്നു. ഇത്തരം ദുരുപയോഗങ്ങളെക്കുറിച്ച് വിദ്യാർത്ഥികളേയും രക്ഷിതാക്കളേയും ഓരോ കാലഘട്ടത്തിലും ബോധവൽക്കരിക്കുക. | സൈബർ ദുരുപയോഗങ്ങൾക്കെതിരെയുള്ള ബോധവത്ക്കരണം മാറി മാറി വന്ന സാങ്കേതികവിദ്യകളേകുറിച്ച് ഓരോ കാലഘട്ടത്തിലും രക്ഷിതാക്കളേയും വിദ്യാർത്ഥികളേയും ബോധവത്കരിക്കുന്നതിനാവശ്യമായ ക്ലാസുകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | സൈബർ സെൽ | |
| 3. | നിത്യജീവിതത്തിൽ സ്വാതന്ത്ര സോഫ്റ്റ് വെയറുകൾ കൂടുതൽ ഉപയോഗിക്കുന്നതിനുള്ള പ്രാപ്തി ഓരോ വിദ്യാർത്ഥിയും നേടുക. അതുവഴി സ്വതന്ത്ര സോഫ്റ്റ്. വെയറുകളുടെ ഉപയോഗം പ്രചാരത്തിലാക്കുക. | സ്വതന്ത്ര സോഫ്റ്റ് വെയറുകളുടെ പ്രചാരണം കുട്ടികളിലൂടെ നടത്തുന്നു. | അക്കാദമിക വർഷം | IT അധ്യാപകർ | |
| 4. | സ്മാർട്ട് ക്ലാസ് റൂം ഫലപ്രദമായ രീതിയിൽ ഉപയോഗം | വിഷയാധിഷ്ഠിത anb nICI ഉപയോഗിച്ചുകൊണ്ട് ക്ലാസ് റൂം സജീവമാകുന്നു. | അക്കാദമിക വർഷം | IT അധ്യാപകർ | |

## അക്കാദമിക് മാസ്റ്റർ പ്ലാൻ– കലാ വിദ്യാഭ്യാസം 2025-26

| Sl.No. | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1 | കുട്ടികളുടെ സർഗ്ഗാത്മക കഴിവുകൾ കണ്ടെത്തുക. | സംഗീതം, ചിത്രരചന, നൃത്തം എന്നിവയിൽ പ്രാവീണ്യമുള്ള കുട്ടികളെ ക്ലാസ് തലത്തിൽ കണ്ടെത്തുക. | 3 മാസം ജൂൺ ആഗസ്റ്റ് | കലാ അധ്യാപിക | |
| 2. | കലാഭിരുചി വളർത്തുക. | ചിത്രരചനാ മണ്ടത്തരം കടത്തുന്നു. ക്ലാസ് തലം) പാട്ടുമത്സരം (ക്ലാസ്തലം) | 3 മാസം | കലാ അധ്യാപിക | |
| 3. | ഓരോ കുട്ടിയുടേയും സവിശേഷമായ കഴിവിന്റെ വികാസത്തിന് അവസരമൊരുക്കുക. | സ്കൂൾതലം സബ്ജില്ലാ തലം ജില്ലാതലം | 8 മാസം | കലാ അധ്യാപിക | |
| 4. | ആധുനിക ശാസ്ത്ര സാങ്കേതവിദ്യാഭ്യാസ സാധ്യതകൾ പരിശീലനത്തിനായി പ്രയോജനപ്പെടുത്തുക. | ICT ബാധ്യത audio,video | 9 മാസം | കലാ അധ്യാപിക | |

**അക്കാദമിക മാസ്റ്റർ പ്ലാൻ മേഖല : അക്കാദമികം ഉപമേഖല : പ്രവൃത്തിപരിചയം**

| Sl.No. | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൗതികം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|---|
| 1. | ഓരോ മേഖലയിലും കഴിവുള്ള കുട്ടികളെ കണ്ടെത്തി അവരെ പ്രോത്സാഹിപ്പിക്കുകയും ദേശീയതലത്തിലേക്ക് ഉയർത്തുകയും ചെയ്യുന്നു. | തുണിയിൽ ചിത്രം വരക്കൽ. എംബ്രോയിഡറി,പൂക്കൾ നിർമ്മാണം, ബുക്ക് ബയന്റിംഗ്, (പ്രകൃതിദത്ത നാരികൾ കൊണ്ടുള്ള ഉൽപ്പന്നം, പേപ്പർ ക്യാരിബാഗ് നിർമ്മാണം അവധി ദിവസങ്ങളിൽ കുട്ടികളെവരുത്തി അവൾക്കു വേണ്ടുന്ന പരിശീലനം കൊടുക്കുന്നു. അതിന് (പ്രഗൽഭരായ വ്യക്തികളെ കൊണ്ടുവരുന്നു. | 1 വർഷം | ഉൽപ്പന്നങ്ങൾ | അധ്യാപിക | |

## 5. വിവിധതലത്തിലുള്ള പ്രവർത്തനങ്ങളുമായുള്ള ഏകോപനം

വിദ്യാലയ പ്രവർത്തനങ്ങൾക്ക് പിന്തുണയും, ശ്രദ്ധയുമുറപ്പിക്കാൻ പി.ടി.എ, എസ്.എം.സി. എന്നിവയുടെ സഹകരണം ഉറപ്പാക്കുന്നു. സ്കൂൾ തല പഠനോത്സവം നടത്തുക, നിശ്ചിത ഇടവേളകളിൽ കുട്ടികളുടെ വീടുകൾ സന്ദർശിക്കക്കുക, തുടങ്ങിയ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു.

## 6.പ്രവർത്തന കലണ്ടറും മോണിറ്ററിംഗ് സംവിധാനവും.

സ്കൂൾതലത്തിൽ അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കി. ഓരോ വിഷയവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളുടെ ചുമതല അധ്യാപകർക്ക് നൽകി. മാസ്റ്റർ പ്ലാനിൽ പറഞ്ഞിരിക്കുന്ന പ്രവർത്തനങ്ങളുടെ പുരോഗതി മാസത്തിൽ രണ്ടു പ്രാവശ്യം വിലയിരുത്താൻ തീരുമാനിച്ചു. സ്റ്റാഫ് മീറ്റിംഗുകൾ രണ്ടാഴ്ചയിൽ ഒരിക്കൽ കൂടുന്നു. എസ്.ആർ.ജി മീറ്റിംഗുകൾ മാസത്തിൽ രണ്ടുതവണ കൂടുകയും അക്കാദമിക പ്രവർത്തനങ്ങൾ വിലയിരുത്തുകയും ചെയ്യുന്നു. പി.റ്റി.എ യോഗങ്ങൾ ചേരുകയും സ്കൂളിന്റെ പ്രവർത്തനങ്ങൾ വിലയിരുത്തുകയും പോരായ്മകൾ ഉണ്ടെങ്കിൽ കണ്ടെത്തുകയും അതിനുള്ള പരിഹാരം നിർദ്ദേശിക്കുകയും ചെയ്യുന്നു.

അക്കാദമിക് മാസ്റ്റർ പ്ലാനിന്റെ പ്രവർത്തനം സ്കൂൾതലത്തിൽ പ്രഥമാധ്യാപകൻ വിലയിരുത്തുന്നു. വിലപ്പെട്ട നിർദ്ദേശങ്ങൾ നൽകുന്നു. ക്ലാസ്റൂം തലത്തിൽ അതാത് വിഷയത്തിന്റെ അധ്യാപകർ കുട്ടികളെ വിലയിരുത്തുന്നു.

## 7. ഉപസംഹാരം

സമഗ്ര ഗുണമേന്മാ വിദ്യാഭ്യാസ പദ്ധതി ലക്ഷ്യമാക്കുന്ന രീതിയിൽ, സ്കൂളിനെ മികവിന്റെ കേന്ദ്രമാക്കി, ലോകത്തെവിടെയും സമാനപ്രായമുള്ള കുട്ടികൾ ആർജ്ജിച്ചതിനേക്കാൾ മികവാർന്ന ശേഷികളും ധാരണകളും ഓരോ ക്ലാസിലും കൂടി നേടുന്നു വെന്ന് ഉറപ്പു വരുത്തുന്ന രീതിയിലുള്ള പ്രവർത്തനങ്ങളാണ് ആസൂത്രണം ചെയ്തിരിക്കുന്നത്. ഇത് പ്രാവർത്തികമാക്കാനുള്ള എല്ലാ മുന്നൊരുക്കങ്ങളും സ്കൂൾ മാനേജ്മെന്റ്, അധ്യാപകർ, പി.ടി.എ തുടങ്ങി സ്കൂളിന്റെ ഉന്നമനത്തിന് താല്പര്യമുള്ളവരുടെ പിൻബലത്തോടെ തുടങ്ങിക്കഴിഞ്ഞു. ഈ ലക്ഷ്യങ്ങൾ നിശ്ചിത കാലാവധിയ്ക്കുള്ളിൽ പൂർത്തീകരിക്കുന്നതാണ്.

# അക്കാദമിക മാസ്റ്റർ പ്ലാൻ 2024-25

## ആരോഗ്യ കായിക വിദ്യാഭ്യാസം വിവേകാനന്ദാ എച്ച്. എസ്. ഫോർ ഗേൾസ് കടമ്പനാട്

**മേഖല : ആരോഗ്യകായിക വിദ്യാഭ്യാസം**

**ഉദ്ദേശം : കുട്ടികളിൽ ആരോഗ്യ കായികക്ഷമത കൈവരിക്കുക.**

**: അനുയോജ്യമായ കായിക ഇനങ്ങളുടെ നൈപുണികൾ സ്വായത്വമാക്കുക.**

**ഉപമേഖല : 1 കായിക മേഖല**

**: 2 ആരോഗ്യ മേഖല**

**ആമുഖം**

കേരളത്തിലെ സ്കൂൾ വിദ്യാർത്ഥികളിൽ നടത്തിയ പഠനമനുസരിച്ച് കുട്ടികളിൽ കായിക ക്ഷമത അനുദിനം കുറഞ്ഞുവന്നുകൊണ്ടിരിക്കുകയാണ്. ശരിയായ ആരോഗ്യ കായിക അവബോധമില്ലായ്മയാണ് പ്രധാനമായി ചൂണ്ടിക്കാണിക്കുന്നത്. കുട്ടിക്കാലത്തെ പ്രസരിപ്പുള്ള ജീവിത ശൈലി യൗവനത്തിനും വാർദ്ധക്യത്തിലുമുള്ള ആരോഗ്യത്തിന് നേരിട്ട് ഗുണം ചെയ്യുന്നു. എന്നാൽ ആധുനിക ജീവിതശൈലി കുട്ടികളെയും മുതിർന്നവരെയും ഒന്നുപോലെ പ്രവർത്തനമുള്ളവരാക്കുന്നു. ചില സംസ്കാരങ്ങളിൽ വളർന്നവർക്കിടയിൽ നിഷ്ക്രിയത്വവും, അനന്തരഫലമായുള്ള, അമിതമേദസ്സും, രോഗങ്ങളും ഒരു പ്രതിസന്ധി ആനുപാതികത്തിൽ എത്തിയിരിക്കുന്നു. ലോകത്തുള്ള മറ്റേതു രാജ്യത്തേക്കാളും ജനിതകമായി തന്നെ ഹൃദ്രോഗത്തിന് സാധ്യത ഇന്ത്യക്കാർക്കാണെന്ന് അടുത്തകാലത്ത് നടന്ന പഠനത്തിൽ മനസ്സിലാക്കുന്നു. ഇന്ത്യയിൽ 35 നും 60 നും ഇടയ്ക്കുള്ള പ്രായത്തിൽ, ഹൃദ്രോഗത്തിലൂടെ ജീവിതം പൊലിഞ്ഞുപോയവരുടെ എണ്ണം ക്രമാതീതമായി വർദ്ധിക്കുന്നു.

ലോകത്തിൽ ഏറ്റവും മുൻപന്തിയിൽ നിൽക്കുന്ന **"പ്രമേഹം"** എന്ന മഹാമാരി ഭീക്ഷണി ഉയരുന്നത് ഇന്ത്യയിലാണ്. 100 കോടിയിലധികം വരുന്ന ഇന്ത്യൻ ജനത, മധ്യവയസ്സിനു ശേഷം പിടിപെടുന്ന പ്രമേഹം (ടൈപ്പ്2) സാധ്യത വളരെ കൂടുതലാണ്. കാരണം കൂടുതൽ പാശ്ചാത്യവൽകൃതമായ ജീവിതശൈലിയിൽ, കൊഴുപ്പ് കൂടി ആഹാരം കഴിക്കുന്നതു കൊണ്ടും വ്യായാമത്തിന്റെ അഭാവം മൂലവുമാണ്.

ഇന്ത്യയിൽ പ്രമേഹ രോഗികളുടെ എണ്ണം വർദ്ധിക്കുന്നു. രാജ്യത്ത് 10 കോടിയിലധികം രോഗികൾ എന്ന് സർവ്വേ ഫലം (**ന്യൂഡൽഹി**)

ഇന്ത്യയിൽ പ്രമേഹരോഗികളുടെ എണ്ണം വൻതോതിൽ വർധിക്കുന്നതായി പഠനം. ഇന്ത്യൻ കൗൺസിൽ ഓഫ് മെഡിക്കൽ റിസർച്ച്- ഇന്ത്യ ഡയബറ്റീസ്(ICMR-INDIAB) നടത്തിയ സർവ്വേയിൽ 10 കോടിയധികം ആളുകൾക്ക് ഇന്ത്യയിൽ പ്രമേഹമുള്ളതായി കണ്ടെത്തി. 13.6 കോടി ആളുകൾക്ക് പ്രീ ഡയബറ്റിക് ആണെന്നും, 31.5 കോടി ആളുകൾക്ക് ഉയർന്ന രക്ത സമ്മർദ്ദം ഉണ്ടെന്നും ഈ പഠനത്തിൽ പറയുന്നുണ്ട്. മെറ്റാബോളിക് നോൺകമ്മ്യൂണിക്കബിൾ ആയ അസുഖങ്ങളുടെ (NCD) വ്യാപനം സംബന്ധിച്ച് ഇത്തരത്തിലൊരു പഠനം നടത്തുന്നത് ആദ്യമാണ്. രാജ്യത്തെ തന്നെ ഏറ്റവും വലിയ സർവ്വേകളിൽ ഒന്നാണിത്.

25.4 കോടി ആളുകളിൽ പൊണ്ണത്തടി, 35.1 കോടി ആളുകളിൽ അടിവയറ്റിലെ പൊണ്ണത്തടി, 21.3 കോടി ആളുകൾക്ക് ഉയർന്ന കൊളസ്ട്രോൾ (ഹൈപ്പർകൊളസ്ട്രോ ലീമിയ)18.5 കോടി ആളുകൾക്ക് ഉയർന്ന LDL കൊളസ്ട്രോൾ അല്ലെങ്കിൽ ചീത്ത കൊളസ്ട്രോൾ ഉണ്ടെന്നും സർവ്വേയിൽ കണ്ടെത്തി. ഇന്ത്യയിലെ മറ്റു പ്രദേശങ്ങളെ അപേക്ഷിച്ച് കേരളം, പുതുച്ചേരി, ഗോവ, സിക്കിം, പഞ്ചാബ് എന്നിവിടങ്ങളിൽ ഇത്തരം അസുഖങ്ങളുടെ വ്യാപനം കൂടുതലാണെന്ന് പഠനം പറയുന്നു.

പ്രമേഹ രോഗികളെക്കാളധികം പ്രീ ഡയബറ്റിസ് ഉള്ളവർ രാജ്യത്ത് ഉണ്ടെന്നുള്ളതാണ് കൂടുതൽ ആശങ്കാജനകം. ഇതിനർത്ഥം വരും വർഷങ്ങളിൽ പ്രമേഹരോഗികളുടെ എണ്ണം ഗണ്യമായി വർദ്ധിക്കുമന്നാണ്. 2019 ൽ 7.4 കോടി പ്രമേഹരോഗികളായിരുന്നു. രാജ്യത്തുണ്ടായിരുന്നത്. കഴിഞ്ഞ നാല് വർഷം കൊണ്ടാണ് ഇന്ത്യയിൽ ഇവരുടെ എണ്ണത്തിൽ വൻ കുതിച്ചുചാട്ടമുണ്ടായത്.

2020 ഓടെ ഇന്ത്യയിൽ 35-40 ലക്ഷം പ്രമേഹരോഗികൾ ഉണ്ടാവും എന്ന് പറഞ്ഞാൽ ലോകത്തിലെ പ്രമേഹ രോഗികളിൽ ഓരോ അഞ്ചാമനും ഇന്ത്യാക്കാരനായിരിക്കും. അതിലേക്ക് കേരളത്തിൽ നിന്നുമായിരിക്കും, മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് കൂടുതലെന്ന് ഡോക്ടേഴ്സ് അസോസിയേഷൻ കണ്ടെത്തിയിരിക്കുന്നു.

2008നും 2020 നും ഇടയിൽ നടത്തിയ സർവ്വേയിൽ 113043 ആളുകൾ പങ്കെടുത്തു. ഇവരിൽ 33537 പേർ നഗരവാസികളും, 79506 പേർ ഗ്രാമവാസികളുമാണ്. ഇന്ത്യയുടെ വടക്കുഭാഗത്തും, തെക്കുഭാഗത്തുമാണ് ഏറ്റവും ഉയർന്നപ്രമേഹകണക്കെന്നാണ് പഠനത്തിൽ കണ്ടെത്തിയത്, മദ്യഭാഗത്തും വടക്ക് കിഴക്കൻ സംസ്ഥാനങ്ങളിലും അസുഖവ്യാപനം കുറവാണെന്ന് പഠനത്തിൽ പറയുന്നത്. ദി ലാൻസൈറ്റ് ഡയബറ്റിസ് ആൻഡ് എൻട്രോക്രൈനോളജി എന്ന ജേണലിൽ വ്യാഴാഴ്ചയാണ് പ്രസ്തുത പഠനം പ്രസിദ്ധീകരിച്ചത്.

കേരള സംസ്ഥാനത്തിലെ കുട്ടികളുടെ ശാരീരിക സ്ഥിതി മുൻതലമുറകളെ അടിസ്ഥാനപ്പെടുത്തി വിശകലനം ചെയ്യുകയാണെങ്കിൽ ഇപ്പോഴത്തെകുട്ടികൾ ശാരീരിക കായിക പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിന്റെ തോത് വളരെകുറവാണ്.

**ലക്ഷ്യം :-** കായികക്ഷമത കൈവരിക്കൽ, ആരോഗ്യമുള്ള തലമുറയെ സൃഷ്ടിക്കൽ.

**പ്രവർത്തനം:**

* യോഗ
* സൈക്കിൾ
* കിഡ്സ് അത്‌ലറ്റിക്സ് ആൻഡ് അത്‌ലെറ്റിക്സ്
* മേജർ ഗെയിം-വോളിബോൾ, ഫുട്ബോൾ, ഷട്ടിൽ
* മൈനർ ഗെയിംസ്
* എയ്റോബിക്സ്.

യോഗ:- 8,9,10 ക്ലാസിലെ കുട്ടികൾക്ക്, ഒരു വർഷം ചുരുങ്ങിയത് 54 മണിക്കൂർ യോഗ ചെയ്യാൻ നീക്കിവെക്കുന്നു. അത് രാവിലെയാണ് ചെയ്യേണ്ടത് ക്ലാസ് അടിസ്ഥാനത്തിൽ 15 മിനിറ്റ് യോഗ ചെയ്യണം. 2025 ജൂൺ, ജൂലായ്, ഓഗസ്റ്റ് മാസങ്ങളില 15 മണിക്കൂർ യോഗക്കായി മാറ്റിവെച്ചിരിക്കുന്നു.

യോഗപരിശീലന കളരി സംഘടിപ്പിക്കുന്നതിനായി ഒരു ഇൻസ്പെക്ടർ പുറത്തുനിന്ന് 10 ദിവസത്തേക്ക് കാണുന്നു.

**യോഗ ഉപകരണങ്ങൾ**

| ക്രമനം. | ഉപകരണങ്ങൾ | വില | എണ്ണം | ആകെ വില |
|---|---|---|---|---|
| 1 | യോഗമാറ്റ് | 390 | 10 | 3900 |
| 2 | പരിശീലകൻ 10 ദിവസത്തേക്ക്(500X 10) | | | 5000 |
| | **Total** | | | **8900** |

**സൈക്കിൾ : -** ജൂൺ മാസത്തിൽ എച്ച്. എസ് വിഭാഗത്തിലെ മുഴുവൻ കുട്ടികളിലും സൈക്കിൾ സവാരി അറിയുന്നവരുടെ സർവ്വേ നടത്തുന്നു. ജൂലായ് രണ്ടാം വാരത്തിനുശേഷം അറിയാത്തവരെ, അറിയുന്നവരുടെയും, അധ്യാപിക/അധ്യാപകരുടെയും സഹായത്തോടെ സൈക്കിൾ സവാരി പഠിപ്പിക്കാൻ തുടങ്ങുന്നു. ഇതിനായി സ്കൂളിൽ വരുന്നകുട്ടികളുടെ സൈക്കിളുകൾ ഉപയോഗിച്ച് പ്രവർത്തനം സുഗമമാക്കുന്നു. പുതുതായി 4 സൈക്കിൾ വാങ്ങാൻ PTA യിൽ നിർദ്ദേശം വെക്കുന്നു.

| | **സൈക്കിൾ പഠനം** | | | |
|---|---|---|---|---|
| **ക്രമനം.** | **ഉപകരണങ്ങൾ** | **വില** | **എണ്ണം** | **ആകെവില** |
| 1 | സൈക്കിൾ | | 8500 4 | 34000 |
| | **Total** | | | **34000.00** |

## കിഡ്സ് അത്‌ലറ്റിക്സ് & അത്‌ലറ്റിക്സ്

| | കിഡ്സ് അത് ലെറ്റിക്സ് ഉപകരണങ്ങൾ | | | |
|---|---|---|---|---|
| **ക്രമനം.** | **ഉപകരണങ്ങൾ** | **വില** | **എണ്ണം** | **ആകെവില** |
| 1 | മെഡിസിൻബോൾ 1 | 600 | 2 | 1200 |
| 2. | മെഡിസിൻബോൾ 2 | 650 | 2 | 1300 |
| 3. | മിനി ബാസ്കറ്റ് ബോൾ | 600 | 2 | 1200 |
| 4 | റോപ്പ് ലേഡർ (50cm സ്ക്വയർ) 5 മീറ്റർ | 650 | 1 | 650 |
| 5. | ത്രോബോൾ | 500 | 2 | 1000 |
| 6 | ഫ്ളൈയിംഗ് ഡിസ്ക് | 180 | 12 | 2160 |
| 7 | കോൺ | 68 | 20 | 1360 |
| 8. | സ്റ്റെപ്പ് ജംപ്പിംഗ് ബോക്സ് | 450 | 4 | 1800 |
| 9. | ഹഡിൽസ് 40രാ, 60 രാ | 390 | 4 | 1560 |
| 10. | സ്കിപ്പിംഗ് റോപ്പ് | 120 | 5 | 600 |
| 11. | ജാവലിൻ 400 ഗ്രാം, 600 ഗ്രാം | 680 | 4 | 2720 |
| | **Total** | | | **15550** |

## മേജർ ഗെയിം

ഓഗസ്റ്റ്, സെപ്റ്റംബർ,ഓക്ടോബർ, നവംബർ മാസങ്ങളിൽ വിവിധഗെയിമുകൾ പരിശീലിപ്പിക്കുന്നു. പ്രധാനമായി വോളിബോൾ ഫുട്ബോൾ ഷട്ടിൽ എന്നിവയാണ് തിരഞ്ഞെടുക്കുന്നത്.

## ഫുട്ബോൾ

ഫുട്ബോളിന് ചെറിയ ഗ്രൗണ്ട് മാത്രമേ സ്കൂളിന് സൗകര്യപ്രദമുള്ളത്. മാനേജറുടെ നിർദ്ദേശമനുസരിച്ച് ഗ്രൗണ്ട് നിരപ്പാക്കിത്തരും എന്ന ഉറപ്പിൽ, പുറമെനിന്നും ഒരു കോച്ചിന്റെ സഹായത്താൽ ഒരു വർഷക്കാലം നിണ്ട് നിൽക്കുന്ന പരിശീലനപദ്ധതി ആസൂത്രണം ചെയ്തു. ഇതിന്റെ ഫണ്ട്, പങ്കെടുക്കുന്ന കുട്ടികളിൽ നിന്നും, പി.ടി.എ, യിൽ നിന്നും, മറ്റ് സ്പോൺസർമാരിൽ നിന്നും കണ്ടെത്തണം. ജൂലൈ മാസത്തിൽ താല്പര്യമുള്ള കുട്ടികളുടെ രക്ഷിതാക്കളുടെ സമ്മതപത്രം വാങ്ങി നിശ്ചിതഫീസ് ഈടാക്കി പദ്ധതി നടപ്പാക്കാം.

## ഫുട്ബോൾ

| ക്രമനം. | ഉപകരണങ്ങൾ | വില | എണ്ണം | ആകെവില |
|---|---|---|---|---|
| 1. | ഫുട്ബോൾ | 1100 | 20 | 22000 |
| 2 | ഫുട്ബോൾഗോൾ പോസ്റ്റ്(മിനി)2 സെറ്റ് | 2500 | 4 | 10000 |
| 3. | ഫുട്ബോൾ പോസ്റ്റ് നെറ്റ് | 875 | 4 | 3500 |
| | | | | **35500.00** |

**ഷട്ടിൽ ബാഡ്മിന്റൺ**

നാളേക്ക് ഇൻഡോർ കോർട്ട് ആവും എന്ന പ്രതീക്ഷയിൽ ഷട്ടിൽബാഡ് മിന്റൺ കോർട്ട് സ്കൂൾ മുറ്റത്ത് പുതുതായി നിർമ്മിച്ചു.

## മേജർ ഗെയിം ഉപകരണങ്ങൾ

| ക്രമ നം. | ഉപകരണങ്ങൾ | വില | എണ്ണം | ആകെവില |
|---|---|---|---|---|
| 1. | മിനി ഗോൾ പോസേറ്റ് | 1200 | 2 | 2400 |
| 2. | ഷട്ടിൽ ബാറ്റ് | 620 | 8 | 4960 |
| 3. | ഷട്ടിൽ ബാഡ്മിന്റൺ നെറ്റ് | 490 | 2 | 980 |
| 4. | ഷട്ടിൽ കോക്ക് | 680 | 4 | 2720 |
| 5. | ഷട്ടിൽ ബാഡ്മിന്റൺ പോസ്റ്റ് | 750 | 2 | 1500 |
| 6. | ഖോ-ഖോ പോസ്റ്റ് | 500 | 2 | 1000 |
| | **Total** | | | **13560** |

**മൈനർ ഗെയിം**

വിവിധ മേജർ ഗെയിമിനോട് അനുബന്ധിച്ചുള്ള മൈനർജിയും കളിപ്പിക്കുന്നു. ജൂൺ, ജൂലൈ ഓഗസ്റ്റ് മാസങ്ങളിൽ സ്കൂളിന്റെ ഹാളിലും വരാന്തയിലും ഒഴിഞ്ഞ സ്ഥലങ്ങളിലും സംഗീ തത്തിന്റെ സഹായത്തോടെയും, അല്ലാതെയും, താളാത്മകമായി ഏയ്റോബ്ക്ക് എക്സർസൈ സുകൾ നിശ്ചിത സമയം ചെയ്യുന്നു. ഇതിനായി ഒരു ഇൻസ്ട്രക്ടറെ ചുമതലപ്പെടുത്തുന്നു.

## സാമ്പത്തിക അവലോകനം

| ക്രമനം. | ഇനങ്ങൾ | തുക |
|---|---|---|
| 1 | യോഗ | 8900.00 |
| 2. | സൈക്കിൾ | 34000.00 |
| 3. | കിഡ്സ് അത്ത് ലറ്റിക്സ് | 15550.00 |
| 4. | ഫുട്ബോൾ | 17930.00 |
| 5. | മേജർ ഗോയിം | **13560.00** |
| | **Total** | **107510** |

**ട്രാഫിക് നിയമങ്ങൾ ബോധ്യപ്പെടുത്തുന്നു.**

ഇന്നത്തെ പ്രശ്നം റോഡ് നിയമങ്ങളെ കുറിച്ച് വ്യക്തമായ ധാരണ ഇല്ലായ്മയാണ്.

**ലക്ഷ്യങ്ങൾ റോഡ് നിയമങ്ങളെ കുറിച്ച് കുട്ടികളെ ബോധവാന്മാരാക്കുക എന്നതാണ്.**

റോഡ് അപകടങ്ങൾ അനുദിനം വർദ്ധിച്ചുവരുന്ന ഒരു കാലഘട്ടത്തിലാണ് നാം ജീവിക്കുന്നത് പ്രധാനമായും റോഡ് നിയമങ്ങൾ പാലിക്കാത്താണ് കാരണം. പ്രാഥമിക വിദ്യാഭ്യാസ കാലഘട്ടത്തിൽ തന്നെ റോഡ് നിയമങ്ങളെ കുറിച്ചുള്ള ധാരണ കുട്ടികളിൽ രൂപപ്പെടുത്താൻ കഴിയണം. വാഹനാപകടങ്ങൾ ഉണ്ടാകാനുള്ള കാരണങ്ങളെക്കുറിച്ച് കുട്ടികൾക്ക് പറയാൻ കഴിയണം. കാൽനടയായും, വാഹനങ്ങളിലും, വിദ്യാലയത്തിലെത്തുന്ന കുട്ടികൾ തീർച്ചയായും, കാൽനടയാത്രക്കാരും വാഹനയാത്രക്കാരും ശ്രദ്ധിക്കേണ്ടകാര്യങ്ങൾ അറിഞ്ഞിരിക്കണം, സീബ്ര ലൈൻ, അടയാളവിളക്കുകൾ, ട്രാഫിക് ചിഹ്നങ്ങൾ തുടങ്ങിയവ എന്തെന്ന് കുട്ടികൾ വ്യക്തമായി ബോധ്യപ്പെടുത്തണം. ചെറിയ കളികളിലൂടെയും ചർച്ചകളിലൂടെയും നിരീക്ഷണങ്ങളിലൂടെയും ഈ കാര്യങ്ങൾ കുട്ടികളിൽ എത്തിക്കുവാൻ ശ്രമിക്കണം. സുരക്ഷിതയാത്രയ്ക്കായി ഒട്ടേറെ കാര്യങ്ങൾ താൻ ശ്രദ്ധിക്കേണ്ടതുണ്ട്. എന്ന് ഓരോ കുട്ടിയും തിരിച്ചറിയണം.

**പ്രവർത്തനങ്ങൾ**

വാർത്ത, കൊളാഷ് വിശകലനം
സീബ്രാ ലൈൻ - ചിത്ര നിരീക്ഷണം
ട്രാഫിക് വിളക്കുകൾ - വീഡിയോ പ്രദർശനം
ട്രാഫിക് വിളക്കുകൾ വരച്ച് നിറം നൽകൽ
അടയാള വിളക്കുകൾ ചർച്ച
വാഹനം ഓടിക്കാം കളി, തുടങ്ങിയവ

**മോണിറ്ററിംഗ്**

ആരോഗ്യ കായിക വിദ്യാഭ്യാസത്തിന്റെ മാസ്റ്റർ പ്ലാനിന്റെ മോണിറ്ററിംഗ് കമ്മിറ്റിയായി HM ജനറൽ കൺവീനറായും, കായികാധ്യാപകൻ, കൺവീനർ ഒരു പുരുഷഅധ്യാപകൻ രണ്ടു വനിത അധ്യാപികമാർ രണ്ടുപേരും ചേർന്ന് ഏഴ് അംഗ കമ്മിറ്റി രൂപീകരണം.

| | |
|---|---|
| ജനറൽ കൺവീനർ | : എസ്. ഇന്ദുലാൽ (ഹെഡ്മാസ്റ്റർ) |
| കൺവീനർ | : അനീഷ് കുമാർ, എസ് |
| ജോയിന്റ് കൺവീനർ | : അനിൽകുമാർ എം.കെ |
| അംഗങ്ങൾ | : മീര ബി |
| | സ്വപ്ന എസ്.ആർ |
| | ശ്രീദേവി ഇ |
| | രശ്മി രമേശ് |

കലണ്ടർ രൂപീകരിച്ച് പ്രവർത്തനങ്ങൾ ആരംഭിക്കാനും, മാസത്തിൽ ഒരു തവണയെങ്കിലും വിലയിരുത്തുവാനും, ഓരോ പ്രവർത്തനത്തിന്റെയും ഹാജർ പരിശോധിച്ച് അംഗീകരിക്കുകയും വേണം.